

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 18. ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**

JWRA 34, Jagathy, Trivandrum, India 695014

URL: www.sayahna.org

# ഉള്ളടക്കം

18 ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ . . 1

# 18

# ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ

ബ്രിട്ടീഷ്ഭരണം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ആകെ മാറ്റി മറിക്കുകയും താറുമാറാക്കുകയും ചെയ്തു. ബ്രിട്ടീഷ് വ്യവസായങ്ങളുടെ തുണിത്തരങ്ങളും മറ്റു ചരക്കുകളും കേരളത്തിലെ ഉൾനാടുകളിലേയ്ക്കുപോലും നുഴഞ്ഞുകയറുകയും കൈവേലയുടെ അടിസ്ഥാനത്തിലുള്ള നമ്മുടെ ഗ്രാമീണത്തൊഴിലുകളെ തകർക്കുകയും ചെയ്തു. ആധുനിക വ്യവസായങ്ങളുടെ വളർച്ചയെ ഒട്ടു പ്രോത്സാഹിപ്പിച്ചതുമില്ല. ഇതിൻഫലമായി ആയിരക്കണക്കിലുള്ള കൈവേലക്കാർ ജോലിയില്ലാതെ തെണ്ടിത്തിരിയാൻ തുടങ്ങി.

ബ്രിട്ടീഷുകാർ വരുന്നതിനുമുൻപ് കേരളത്തിൽ പറയത്തക്ക ഭൂനികുതിയൊന്നുമുണ്ടായിരുന്നില്ല. കച്ചവടച്ചരക്കുകളുടെ ചുങ്കങ്ങളിൽനിന്നു ലഭച്ചിരുന്ന ആദായമായിരുന്നു പ്രധാന രാജഭോഗം. കുറ്റക്കാരുടെ പിഴയിൽനിന്നും മറ്റുമായി വേറെയും ചില വരവിനങ്ങൾ ഉണ്ടായിരുന്നു. ഹൈദരാലിയുടെ ആക്രമണത്തിനുശേഷമാണ് സ്ഥിരമായ ഒരു ഭൂനികുതി ഏർപ്പെടുത്തപ്പെട്ടത്. എന്നാൽ, അക്കാലത്ത് അത് തുലോം തുച്ഛമായിരുന്നു. ബ്രിട്ടീഷുകാർ ഭൂനികുതി ദുസ്സഹമാംവിധം വർദ്ധിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും മലബാറിലെ ഭൂനികുതി 19 ലക്ഷം ക. ആയി വർദ്ധിച്ചുകഴിഞ്ഞിരുന്നു. 1901-ലെ സെറ്റിൽമെൻറ് പ്രകാരം പെട്ടെന്ന് അത് 35 ലക്ഷം ക. ആയി വർദ്ധിപ്പിക്കപ്പെട്ടു. ഈ നികുതിവർദ്ധനവ് അനേകം കുടുംബങ്ങളെ വഴിയാധാരമാക്കി.

ഭൂവുടമബന്ധങ്ങളിൽ വരുത്തപ്പെട്ട മാറ്റങ്ങളാണ് കൂടുതൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കിയത്. യഥാർത്ഥ കൃഷിക്കാർക്ക് ഭൂമിയിൽ അവകാശമില്ലാതായി. ഭൂമിയെല്ലാം ജന്മികളുടെ സ്വകാര്യസ്വത്തായി മാറി. 1793-ൽ ബ്രിട്ടീഷുകാർ വരുത്തിയ മാറ്റങ്ങളെപ്പറ്റി വില്യം ലോഗൻ ഇങ്ങനെ എഴുതുന്നു.

> "ജന്മി ഒരു നിശ്ചിതാതിർത്തിക്കുള്ളിൽ അധികാരം പ്രായോഗിക്കുന്ന ഒരാൾ മാത്രമായിരുന്നു. ആ അധികാരത്തിന്റെ പേരിൽ ആ അതിർത്തിക്കുള്ളിലെ ഭൂമിയിലുണ്ടാകുന്ന വിളവിന്റെ ഒരു നിശ്ചിതമായ ഭാഗത്തിന്—പാട്ടം അല്ലെങ്കിൽ പ്രാചീന നിലനികുതി—അയാൾക്ക് അവകാശമുണ്ടായിരുന്നു. എന്നാൽ, കമ്മിഷണർമാർ ജന്മിയെ ഭൂമിയുടെ പ്രഭുവാക്കി മാറ്റി. ക്രമത്തിൽ ജന്മികൾ നീതിന്യായകോടതികളുടെ സഹായത്തോടെ യഥാർത്ഥകൃഷിക്കാരായ കുടിയാന്മാരുടെ അവകാശങ്ങളെ അവഗണിക്കാൻ തുടങ്ങി. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലൊ."

ചൂഷിതരായ കുടിയാന്മാരുടെ അസംതൃപ്തി ക്രമത്തിൽ ലഹളകളുടെ രൂപം കൈക്കൊണ്ടു. താൻ തയ്യാറാക്കിയ മലബാർ കുടിയായ്മ ബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചുകൊണ്ട് ദിവാൻബഹദൂർ എം. കൃഷ്ണൻനായർ 1924 ഏപ്രിൽ മാസത്തിൽ മദിരാശി നിയമനിർമ്മാണ സഭയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി.

> "പുരാതനകാലത്ത് ജന്മികൾക്ക് വസ്തുവിന്മേൽ ഇന്നത്തേപ്പോലെ ഉടമസ്ഥത ഉണ്ടായിരുന്നില്ല. 1792-ൽ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ ജന്മികൾക്ക് വസ്തുവിന്മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം കൊടുത്തു. കുടിയാന്മാരെ ഒഴിപ്പിക്കാനുള്ള പൂർണ്ണാധികാരവും ജന്മികൾക്കു നൽകി. ബ്രിട്ടീഷ് കോടതികളും അതേ അബദ്ധം പ്രവർത്തിച്ചു. ജന്മികളെ വസ്തുവിന്റെ പൂർണ്ണാധികാരികളാക്കിത്തീർത്തു. അതിന്റെ ശേഷം വസ്തുസംബന്ധമായി അനവധിപ്രാവശ്യം മാപ്പിളലഹളകൾ നടന്നിട്ടുണ്ട്. ജന്മികൾ അനവധി കുടിയാന്മാരെ ജാതിഭ്രഷ്ടരും സമുദായ ഭ്രഷ്ടരും ആക്കിത്തീർത്തിട്ടുണ്ട്. ജന്മികൾ പലപ്രകാരത്തിലും കുടിയാന്മാരെ അവമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ട്. കുടിയാന്മാർക്ക് ജന്മികളോടുള്ള കടമകൾ ക്രമേണ വർദ്ധിച്ചുവന്നു."

ബ്രിട്ടീഷ് ഗവൺമെൻറ് നടപ്പിൽ വരുത്തിയ ഈ പുതിയ ഭൂവ്യവസ്ഥയുടെ ഫലമായി സ്വന്തം ഭൂമിയുള്ള കൃഷിക്കാരുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. കുടിയാന്മാരുടേയും കർഷകത്തൊഴിലാളികളുടേയും എണ്ണം വർദ്ധിച്ചുകൊണ്ടുവന്നു. 1921-ലെ കനേഷുമാരി കണക്കനുസരിച്ച് വസ്തു കൃഷിചെയ്യുന്ന ജന്മിമാരും അവരെ ആശ്രയിക്കുന്നവരും കൂടി ആകെ ഒരു ലക്ഷത്തിൽപ്പരമായിരുന്നു. കുടിയാന്മാരും കർഷകത്തൊഴിലാളികളും അവരെ ആശ്രയിക്കുന്നവരും കൂടി പതിനാറരലക്ഷവും (കുടിയാന്മാരും ആശ്രിതരുംകൂടി ഒൻപത് ലക്ഷവും കർഷകത്തൊഴിലാളികളും ആശ്രിതരും കൂടി ഏഴരലക്ഷവും).

എന്നാൽ, ബ്രിട്ടീഷ് ഭരണത്തിന്റെയും ജന്മി മേധാവിത്വത്തിന്റെയും അക്രമങ്ങളെ സ്വാഗതം ചെയ്യുകയല്ല നാട്ടുകാർ ചെയ്തത്. എത്രതന്നെ അസംഘടിതരായിരുന്നുവെങ്കിലും അവർ ഒട്ടനവധി സമരങ്ങളും ലഹളകളും നടത്തി. ചിലപ്പോൾ കൂട്ടായ്മക്കവർച്ചകളുടെ രൂപത്തിൽ, മറ്റു ചിലപ്പോൾ ജന്മികൾക്കോ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്കോ എതിരായ കലാപങ്ങളുടെ രൂപത്തിൽ, അവർ തങ്ങളുടെ അസംതൃപ്തിയും വിദ്വേഷവും പ്രകടിപ്പിച്ചു.

1792 മുതൽ 1799 വരെ മലബാർ ബോംബെ സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. വർദ്ധിച്ച ലഹളകൾക്ക് ശ്രുതിപ്പെട്ട ഒരു കാലമാണ് ഇത്. 1800-നും 1805നും ഇടയിൽ വീണ്ടും വലിയ ലഹളകൾ നടന്നു. 1809 മുതൽ 1836 വരെ താരതമ്യേന സമാധാനപരമായ ഒരു കാലമായിരുന്നു. 1832-നു ശേഷം കാർഷിക വളവുകളുടെ വില കയറാൻ തുടങ്ങിയപ്പോൾ കൃഷിക്കാരിൽനിന്ന് ഭൂമിയൊഴിപ്പിച്ചെടുക്കാനുള്ള ജന്മികളുടെ പരിശ്രമം പതിന്മടങ്ങു വർദ്ധിച്ചു. അതിൻഫലമായി വീണ്ടും ലഹളകളും കലാപങ്ങളും പൊട്ടിപ്പുറപ്പെട്ടു.

ലഹളകളോ കലാപങ്ങളോ ഉണ്ടാകുമ്പോഴെല്ലാം ജന്മികളുടെ സംരക്ഷണത്തിനായി ബ്രിട്ടീഷ് പട്ടാളങ്ങൾ ഉപയോഗിക്കപ്പെടുന്നത് കൃഷിക്കാർ കണ്ടു. അതുകാരണം ജന്മികളെ മാത്രമല്ല, ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരെയും അവർ ആക്രമിച്ചു. ഇങ്ങിനെ 1836-നും 1900-നും ഇടയിൽ എൺപതോളം ലഹളകൾ ഉണ്ടായി. മിക്ക ലഹളകളിലും ജന്മിമേധാവിത്വത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായ ആക്രമണങ്ങൾ കൂട്ടിയിണക്കപ്പെട്ടിരുന്നു എന്നു കാണാം. ചിലപ്പോൾ ജന്മികളാണ് കൊല്ലപ്പെട്ടത്. മറ്റു ചിലപ്പോൾ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും. ഉദാഹരണത്തിന് 1855 സെപ്റ്റംബറിൽ നടന്ന ലഹളയിൽ മി. കൊണോളി എന്ന ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് കൊല്ലപ്പെടുകയുണ്ടായി. അതിനു ശിക്ഷയായി കുറ്റക്കാർ താമസിച്ചു വന്ന ഒൻപത് അംശങ്ങളിൽ നിന്ന് 31,000 ക. പിഴയായി വസൂലാക്കുകയും ജനങ്ങളെ കഠിനമായ മർദ്ദനങ്ങൾക്ക് ഇരയാക്കുകയും ചെയ്തു.

മലബാറിലെ കുടിയാന്മാരിൽ വലിയൊരു ഭാഗം മാപ്പിളമാരായിരുന്നു. ജന്മികളും കാണക്കുടിയാന്മാരുമാകട്ടെ നമ്പൂതിരി, നായർ തുടങ്ങിയ ജാതിക്കാരായിരുന്നു. ഇതുകാരണം കുടിയാന്മാരുടെ ലഹളകളെ മാപ്പിളലഹളകളാക്കി ചിത്രീകരിക്കാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്ക് സാധിച്ചു. ഉദാഹരണത്തിന്, 1921-22-ലെ മലബാർ ലഹളയെപ്പറ്റി ഇൻഡ്യയുടെ സർവ്വ സൈന്യാധിപൻ തയ്യാറാക്കിയ റിപ്പോർട്ടിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

> "മലബാറിലുള്ള മാപ്പിളമാർ ആദ്യം മുതൽക്കേ കലഹപ്രിയന്മാരും മതഭ്രാന്തന്മാരും താന്തോന്നിത്തത്തിന് പേരുകേട്ടവരുമാണ്. കഴിഞ്ഞ എൺപത് കൊല്ലത്തിനുള്ളിൽ ഭരണാധികാരികളുടെ എൺപത്തിയാറിൽ കുറയാതെ ലഹളകൾ അവർ നടത്തുകയുണ്ടായിട്ടുണ്ട്. ഇതിൽ മുക്കാലും അവസരങ്ങളിൽ പട്ടാളത്തെ സമാധാനരക്ഷയ്ക്കായി നിയമിക്കേണ്ടതായും വന്നിട്ടുണ്ട്."

എന്നാൽ, 1880-ൽ മലബാറിൽ ഡിസ്ട്രിക്ട് കളക്ടരായി പ്രവൃത്തി നടത്തിയിരുന്ന തിരുവിതാംകൂർ റസിഡൻറ് മി. മക്ക്ഗ്രിഗർ സായ്പ് "വസ്തുത സംബന്ധമായ വൈരത്തിൽ നിന്നാണ് ലഹളകൾ ഉത്ഭവിക്കുന്നത്" എന്നും "ജന്മിമാരുടെ ദ്രോഹാചാരത്തെ നശിപ്പിക്കുവാനായി ഉപയോഗപ്പെടുത്തിയിരുന്ന ഒരായുധം മാത്രമാണ് മതഭ്രാന്ത്", എന്നും അഭിപ്രായപ്പെടുകയുണ്ടായി.

> "മലബാറിൽ വർഷംപ്രതി ക്ഷാമം ഉണ്ടാകാറുണ്ട്. മാപ്പിള ലഹളകൾ സാധാരണയായി ഈ കാലങ്ങളിലാണ് ഉണ്ടാവാറുപതിവ്. അതിനാൽ ക്ഷാമവും ഈ ലഹളകളുടെ ഒട്ടും അപ്രധാനമല്ലാത്ത ഒരു കാരണമായി കൂട്ടാം" എന്ന് 1923 മേയ് മാസത്തിൽ പാലക്കാട്ടു വച്ചു കൂടിയ രണ്ടാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ. ഗായത്രീവല്ലഭയ്യർ ചൂണ്ടിക്കാണിക്കുന്നു.

1924 മാർച്ച് 14-ാം ന മദിരാശി നിയമനിർമ്മാണസഭയിൽ വച്ച് ശ്രീ. കെ. ഉപ്പിസാഹേബ് ചെയ്ത പ്രസംഗം ലഹളകളുടെ സ്വഭാവത്തിലേയ്ക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്.

> "മലബാറിലുള്ള മിക്കവാറും മാപ്പിളമാർ വിദ്യാഭ്യാസമില്ലാത്തവരും കൃഷി പ്രവൃത്തി ചെയ്ത് ഉപജീവനം കഴിക്കുന്നവരുമാണ്. ബ്രിട്ടീഷുകാർ മലബാറിൽ വന്നയുടനെ അവിടെ മാപ്പിളലഹളയും അധികം അടുത്തടുത്തുണ്ടാകാൻ തുടങ്ങി. മലബാറിലെ ജന്മികുടിയായ്മയെപ്പറ്റി ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ശരിയായി യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ഇംഗ്ലീഷുകാരുടെ ജന്മികുടിയായ്മ സമ്പ്രദായമാണ് അവർ മലബാറിൽ നടപ്പാക്കിയത്. അതിന്റെ ഫലമായി ജന്മികളും കുടിയാന്മാരും തമ്മിലുള്ള ബന്ധം അകന്നകന്ന് വലിയ ലഹളകളായി കലാശിച്ചു. എന്നാൽ, ഈ ലഹളകളുടെ യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ചറിഞ്ഞ് അവയെ പരിഹരിക്കുവാൻ ശ്രമിക്കേണ്ടതിനു പകരം ഗവൺമെൻറ് മാപ്പിളലഹള ആക്ട് എന്ന ഒരു ദാരുണമായ നിയമം പാസ്സാക്കുകയാണ് ചെയ്തത്. ഈ ആക്ടിലെ വകുപ്പുകളിൽ ഒന്ന് ലഹളയിൽപെട്ടിട്ടുള്ള മാപ്പിളയുടെ ശവം മുസൽമാൻമാരുടെ മതാചാരത്തിന് തീരെ വിപരീതമായ വിധത്തിൽ തീവച്ചു നശിപ്പിക്കണമെന്നുള്ളതാണ്. ലഹളക്കാരനായ ഏതെങ്കിലും ഒരു മാപ്പിള ഒരു അംശത്തിൽക്കൂടി കടന്നുപോകുന്നപക്ഷം ആ അംശത്തിൽ താമസിക്കുന്ന എല്ലാ മാപ്പിളമാരും അവരുടെ സ്വത്തിൽ ഒരു ഭാഗം ഗവൺമെൻറിലേയ്ക്ക് കൊടുക്കണമെന്നാണ് ഈ ആക്ടിലെ മറ്റൊരു വകുപ്പ്. മാപ്പിളമാരുടെ മതസിദ്ധാന്തങ്ങളെ അടിച്ചുടച്ച് മാപ്പിള ലഹളകളെ അമർത്തുവാൻ നിർമ്മിച്ചതായ ഈ നിയമം അതിന്റെ ഉദ്dിഷ്ടകാര്യം നിറവേറ്റിയില്ലെന്നു മാത്രമല്ല, 1853-ൽ ആ നിയമം പാസ്സാക്കിയതിന്റെ ശേഷം മാപ്പിള ലഹളകൾ അധികം അടുത്തടുത്തും അധികം ഭയങ്കരമായ വിധത്തിലും ഉണ്ടാകുകകൂടി ചെയ്തു."

1923 മേയ് മാസത്തിൽ തലശ്ശേരിയിൽവച്ചു കൂടിയ ഖിലാഫത്ത് കാൺഫറൻസിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് ഡാക്ടർ സെയ്തുമാമൂദ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി.

> "ബ്രിട്ടീഷുകാർ വരുന്നതിനു മുൻപായി മലബാറിൽ നിവസിച്ചിരുന്ന ഹിന്ദുക്കളും, മുഹമ്മദീയരും തമ്മിലുള്ളതായ ചേർച്ച എത്രയോ പ്രശംസനീയമായ നിലയിലായിരുന്നു. സാമൂതിരിപ്പാടും കോലനാട് രാജാക്കന്മാരും ഈ രാജ്യം ഭരിച്ചിരുന്ന കാലത്ത് മാപ്പിള ലഹള ഇവിടെ ഉണ്ടായിരുന്നതായി കാണുന്നില്ല. വാസ്തവം പറയുന്നതായാൽ, സാമൂതിരിപ്പാടിന്റെ ഭരണകാലത്ത് ചില വലിയ ഉദ്യോഗങ്ങൾ മാപ്പിളമാർ സ്വീകരിച്ചുവന്നതായും അറിയുന്നു. ഈ തരത്തിലുള്ള സൗഹാർദ്ദത്തോടുകൂടിയായിരുന്നു ഈ രണ്ടു സമുദായങ്ങളും കേരളത്തിൽ വർത്തിച്ചിരുന്നത്. ഇങ്ങനെയിരിക്കെ ബ്രിട്ടീഷുകാർ ഈ രാജ്യത്ത് എത്തിച്ചേർന്നശേഷം കഴിഞ്ഞ എഴുപത് കൊല്ലത്തിനുള്ളിൽ 90 ലഹളകൾ ഉണ്ടായത് ഈ ഭരണത്തിന്റെ യോഗ്യത വെളിപ്പെടുത്തുന്നുണ്ട്."

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതെന്താണ്?

1. ബ്രിട്ടീഷ് ഭരണാധികാരികൾ കേരളത്തിലെ സാമ്പത്തിക വ്യവസ്ഥയെ താറുമാറാക്കിയതിന്റെ ഫലമായി ജനങ്ങളുടെ ജീവിതം അധഃപതിച്ചു. പട്ടിണിയും ക്ഷാമവും നടമാടാൻ തുടങ്ങി.

2. ബ്രിട്ടീഷ് ഭരണത്തിനും ജന്മികളുടെ അക്രമങ്ങൾക്കും എതിരായി കൃഷിക്കാർ അനേകം ലഹളകൾ നടത്തി.

3. തങ്ങളുടെ മേധാവിത്വമുറപ്പിക്കുവാൻ വേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ ഹിന്ദുക്കളും, മുസ്ലീങ്ങളും തമ്മിൽ മത്സരങ്ങൾ ഉണ്ടാക്കാൻ പാടുപെടുകയും മാപ്പിള കൃഷിക്കാരെ ഒറ്റതിരിച്ചു മർദ്ദിക്കുകയും ചെയ്തു.

4. എന്നിട്ടും, മർദ്ദനങ്ങളെ വകവയ്ക്കാതെ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരായ ജനങ്ങളുടെ സമരങ്ങൾ ശക്തിപ്പെടുകയാണ് ചെയ്തത്.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

## ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


## വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014